"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതിവകുപ്പ് - എക്സൈസ് - മട്ടന്നൂർ എക്സൈസ് റെയ്ഞ്ച് ക്രൈം നമ്പർ **70/2017** കേസിലുൾപ്പെട്ട് പിടിച്ചെടുത്ത **KL-58-V-6959** നമ്പർ യമഹ ആൽഫ സ്കൂട്ടറിന്റെ സെക്യൂരിറ്റി തുക റീഫണ്ട് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.211/2026/TAXES തീയതി, തിരുവനന്തപുരം, 19-02-2026**

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ **16.12.2025**-ലെ ഇ.എക്സ്.സി/**2155/2022**-എക്സ്.എ5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മട്ടന്നൂർ എക്സൈസ് റെയ്ഞ്ച് ക്രൈം നമ്പർ **70/2017** കേസിലുൾപ്പെട്ട് പിടിച്ചെടുത്ത **KL-58-V-6959** നമ്പർ യമഹ ആൽഫ സ്കൂട്ടറിന്റെ കമ്പോളവിലയായ **45,000/-** കഴിഞ്ഞുള്ള ബാക്കി **5,000/-** രൂപ വാഹന ഉടമ അപേക്ഷിക്കുന്നപക്ഷം തിരികെ നൽകാം എന്ന വ്യവസ്ഥയിൽ സെക്യൂരിറ്റി തുകയായ **50,000/-** എക്സൈസ് ശീർഷകമായ **0039-00-150-98**-ലേക്ക് മാറ്റാൻ ഉത്തരവായിട്ടുള്ളതും, തുടർന്ന് ബഹു. മട്ടന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ **19.11.2021** തീയ്യതിയിലെ **KL016588437202122M** നമ്പർ ചലാൻ മുഖേന **50,000/-** രൂപ എക്സൈസ് ശീർഷകത്തിലേക്ക് മുതൽക്കൂട്ടുകയും ചെയ്തുവെന്നും, തുടർന്ന് കണ്ടുകെട്ടിയ വാഹനം സ്ഥിരമായി വിട്ടുകിട്ടുന്നതിനും അധികമായി ഒടുക്കിയ **5,000/-** രൂപ തിരികെ ലഭിക്കുന്നതിനും വാഹന ഉടമ എക്സൈസ് കമ്മീഷണർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയും, വാഹനം ഉടമയ്ക്ക് സ്ഥിരമായി വിട്ടുനൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണെന്നും, വാഹനത്തിന്റെ സെക്യൂരിറ്റി തുകയും കമ്പോളവിലയും തമ്മിലുള്ള വ്യത്യാസമായ **5,000/-** രൂപ വാഹന ഉടമയ്ക്ക് തിരികെ നൽകേണ്ടതുണ്ടെന്നും, അതിനുള്ള അനുമതി നൽകണമെന്നും എക്സൈസ് കമ്മീഷണർ പരാമർശിത കത്തുപ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മട്ടന്നൂർ എക്സൈസ് റെയ്ഞ്ച് ക്രൈം നമ്പർ **70/2017** കേസിലുൾപ്പെട്ട് പിടിച്ചെടുത്ത **KL**

58V 6959 നമ്പർ യമഹ ആൽഫ സ്കൂട്ടറിന്റെ സെക്യൂരിറ്റി തുകയായ 5,000/- രൂപ (അയ്യായിരം രൂപ മാത്രം) 0039-00-150-98 ശീർഷകത്തിൽനിന്നുതന്നെ റീഫണ്ട് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ (എ &ഇ /ആഡിറ്റ് -ഇ.ആർ.എസ്.എ.) കേരളം, തിരുവനന്തപുരം.
3.ധനകാര്യ വകുപ്പ് (3373511/EXP-B1/687/2025-FIN DATED 07.02.2026).
4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5.കരുതൽ ഫയൽ /ഓഫീസ് കോപ്പി (F3/437/2025-TAXES).

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 19-02-2026 16:22:27

സെക്ഷൻ ഓഫീസർ